# വിശ്വാസത്തിൻെറ പേരിൽ ചൂഷണം അരുത് –സ്വാമി സന്ദീപാനന്ദഗിരി



**തൃശൂർ:** വിശ്വാസങ്ങളുടെ പേരിൽ ഇമോഷണൽ ബ്ലാക്ക്മെയിലിങ് നടക്കുന്നതായി സ്വാമി സന്ദീപാനന്ദഗിരി അഭിപ്രായപ്പെട്ടു. ഗീതാജ്ഞാനയജ്ഞത്തിൽ പ്രഭാഷണം നടത്തുകയായിരുന്നു അദ്ദേഹം. അപകടമരണം നടക്കുന്ന വീടുകളിൽ വാസ്തുവിദഗ്ധർ എത്തി അപകടം നടന്നത് വാസ്തുപ്രശ്നംകൊണ്ടാണെന്നും ഉടൻ പരിഹാരം ചെയ്തില്ലെങ്കിൽ വീണ്ടും മരണമുണ്ടാകാം എന്ന് ഭീഷണിപ്പെടുത്തുകയും ചെയ്യുന്നു. കാറ്റ് വരുന്നിടത്ത് ജനൽ വേണമെന്ന വാസ്തുശാസ്ത്രം അംഗീകരിക്കാം. ഇതുകൊണ്ടാണ് മകൻ ബൈക്കിടിച്ച് മരിച്ചതെന്നു പറയുന്നത് കഷ്ടമാണ്. പുരുഷ–സ്ത്രീ ബന്ധമില്ലാത്ത ജീവിതമായി സംന്യാസത്തെ ദുർവ്യാഖ്യാനം ചെയ്തിരിക്കുന്നു. ഇത് ബുദ്ധൻെറ വഴിയാണ്. ശങ്കരാചാര്യർ പൊളിച്ചെഴുതിയത് ഇതിനെയാണ്. പ്രകൃതിയുമായുള്ള പക്വമായ ബന്ധമാണ് സംന്യാസം. ജീവിതത്തിൻെറ ഒരു ഘടകമായ സംന്യാസം സ്വീകരിക്കാൻ മടിക്കുന്നതാണ് തലമുറകൾ തമ്മിലുള്ള സംഘർഷത്തിന് വഴിവെയ്ക്കുന്നത്. ഒന്നിനോടും ദ്വേഷവും ആഗ്രഹവും ഇല്ലാതിരിക്കുന്നവനാണ് നിത്യസംന്യാസി.

കർമ്മവും അകർമ്മവും തമ്മിലുള്ള വ്യത്യാസം അറിയുകയാണ് ഏറ്റവും വലിയ അറിവ്. ഒന്നിൻെറയും കർത്താവ് ഞാനല്ല എന്ന ബോധം ഇതിലൂടെ ഉണ്ടാകുമെന്നും സ്വാമി സന്ദീപാനന്ദഗിരി അഭിപ്രായപ്പെട്ടു.